"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

## പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 74

05.02.2020 ൽ മറുപടിയ്ക്ക്

## വന്യമൃഗശല്യം തടയാൻ പ്രതിരോധമാർഗ്ഗങ്ങൾ

| ചോദ്യം<br><br>ശ്രീ.ജോർജ് എം. തോമസ്<br><br>ശ്രീ.ജെയിംസ് മാത്യു<br><br>ശ്രീ.സി. കെ. ശശീന്ദ്രൻ<br><br>ശ്രീ.കെ. ബാബു | | മറുപടി<br><br>അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വനനശീകരണം ഫലപ്രദമായി തടഞ്ഞതിനെത്തുടർന്ന് വനവിസ്തൃതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും വന്യജീവികൾ മനുഷ്യവാസ പ്രദേശങ്ങളിലേക്കിറങ്ങുന്നത് വർദ്ധിച്ചുവരുന്നത് പഠനവിധേയമാക്കിയിരുന്നോ; വിശദമാക്കാമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും സംയുക്തമായി പഠനം നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | മലയോരപ്രദേശങ്ങളിൽ ആന, കാട്ടുപന്നി, കുരങ്ങ് എന്നിവയുടെ ശല്യം വർദ്ധിച്ചുവരുന്നതോടൊപ്പം കാട്ടുപോത്തുകൾ കൂടി നാട്ടിലേക്കിറങ്ങുന്ന ആശങ്കാജനകമായ സ്ഥിതി കണക്കിലെടുത്ത് വന്യജീവി സങ്കേതങ്ങളിൽ കുടിവെള്ളത്തിന്റെയും തീറ്റയുടെയും ലഭ്യത വർദ്ധിപ്പിച്ച് വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങേണ്ട സാഹചര്യം കുറയ്ക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി ഫലവത്തായ രീതിയിൽ നടപ്പിലായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | വന്യജീവികൾക്ക് കുടിവെള്ളത്തിന്റെയും തീറ്റയുടെയും ലഭ്യത കൂട്ടുന്നതിനായി, ഗള്ളി പ്ലഗ്ഗിംഗ്, ചെക്ക് ഡാമുകൾ, കുളങ്ങൾ, തടയണകൾ, നീർച്ചാലുകൾ തുടങ്ങിയവ വൃത്തിയാക്കുകയും വയൽ മെയിന്റനൻസ് നടത്തുകയും ചെയ്തുവരുന്നു. . കൂടാതെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ വർഷം തോറും നടത്തിവരികയും ചെയ്യുന്നു. തൻമൂലം, ജലലഭ്യത, തീറ്റ ലഭ്യത എന്നിവ ഉറപ്പാക്കാൻ നട്ടുപിടിപ്പിക്കുന്ന ഫലവൃക്ഷങ്ങൾ ഉണങ്ങിപ്പോകാതെ സംരക്ഷിക്കുവാനും കഴിയുന്നു.<br><br>കാടിനുള്ളിൽ തടയണകൾ നിർമ്മിച്ച് മൃഗങ്ങൾക്ക് കുടിവെള്ളം നല്കുന്ന പദ്ധതി വിവിധ ഡിവിഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | വന്യമൃഗശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ പ്രതിരോധമാർഗ്ഗങ്ങൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | വനാതിർത്തികളിൽ കിടങ്ങുകൾ, സൗരോർജ്ജ വേലികൾ, കയ്യാലകൾ, കരിങ്കൽ മതിൽ, സ്റ്റീൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ച്, ജനപങ്കാളിത്തത്തോടെ, ഇ.ഡി.സി.-കൾ മുഖേന സംരക്ഷിച്ച് വരുന്നു. കൂടാതെ, ജനകീയ കമ്മിറ്റികളുടെയും ആർ.ആർ.റ്റി.-കളുടെയും സേവനം മേൽ പ്രദേശങ്ങളിൽ ലഭ്യമാക്കിവരുന്നു. ടി പ്രദേശങ്ങളിൽ മുന്നറിയിപ്പ് നല്കുന്നതിനായി എസ്.എം.എസ്. അലർട്ട് സംവിധാനവും ആന വാച്ചർമാരുടെ സേവനവും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ